# നീതിവേദി പീസ് ഫോറം

JUSTICE IS NOT A FAVOUR

Neethi Vedhi

IT IS A RIGHT

## ജില്ലാ - പഞ്ചായത്ത് കമ്മിറ്റികൾക്കുള്ള മാർഗ്ഗരേഖ

# ആമുഖം

"എവരും ശാന്തിയും ഐക്യവും സമാധാനവും സന്തോഷവും" അനുഭവിച്ച് ഐക്യത്തോടെ സഹവസിക്കുന്ന കൂട്ടായ്മയായി ഓരോ പ്രദേശവും മാറണമെന്ന സ്വപ്നത്തോടെയാണ് നീതിവേദിയുടെ ആഭിമുഖ്യത്തിൽ പഞ്ചായത്തുതലത്തിലും ജില്ലാ തലത്തിലും പീസ് ഫോറം കമ്മറ്റികൾ രൂപീകരിച്ചിട്ടുള്ളത്. പൊതുജനങ്ങളുടെ ഇടയിൽ സൗഹൃദവും സഹവർത്തിത്വവും കൂട്ടായ്മയും ശക്തിപ്പെടുത്തുക. സമൂഹത്തിൽ അനൈക്യവും വിദ്വേഷവും ഉണ്ടാകാൻ ഇടയുള്ള സാഹചര്യങ്ങളെ പ്രതിരോധിക്കുക. മനുഷ്യാവകാശ സംരക്ഷണം ഉറപ്പുവരുത്തുക എന്നിവയാണ് പീസ് ഫോറത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഏതെങ്കിലും കാരണംകൊണ്ട് വ്യക്തികൾ, കുടുംബങ്ങൾ, സാമൂഹിക-സാമുദായിക-രാഷ്ട്രീയ സംഘങ്ങൾ, ഭരണ സംവിധാനങ്ങൾ എന്നിവ തമ്മിൽ രൂപപ്പെടുന്ന തർക്കങ്ങൾ വിശകലനം ചെയ്ത് ചർച്ചകളിലൂടെയും വ്യക്തി ബന്ധങ്ങളിലൂടെയും സ്വീകാര്യവും നീതിപൂർവ്വകവുമായ തീരുമാനങ്ങൾ പരസ്പരം അംഗീകരിച്ച് ശാശ്വത പരിഹാരം കണ്ടെത്താൻ സഹായിക്കുക എന്നതാണ് പീസ് ഫോറങ്ങളുടെ ദൗത്യം.

## ഘടന

- പഞ്ചായത്തുതലത്തിലും ജില്ലാതലത്തിലുമായിരിക്കും പീസ് ഫോറങ്ങൾ പ്രവർത്തിക്കുക. ആവശ്യമെങ്കിൽ ഓരോ പഞ്ചായത്തിലും ഒന്നിലധികം കമ്മറ്റികൾ രൂപീകരിക്കാവുന്നതാണ്.
- പഞ്ചായത്ത്/ജില്ല തല ജനറൽ ബോഡിയിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കാൻ/നോമിനേറ്റ് ചെയ്യാൻ നിലവിലുള്ള എക്സിക്യൂട്ടീവിന് അധികാരമുണ്ടായിരിക്കും.
- സന്നദ്ധ പ്രവർത്തനമാണ് പീസ് ഫോറത്തിലെ അംഗങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നത്.
- ജനറൽ ബോഡി
  - പഞ്ചായത്ത് തലം - എക്സിക്യൂട്ടീവ് അംഗങ്ങൾ, യൂത്ത് ഹാർമണി ക്ലബ് പ്രസിഡന്റ് & സെക്രട്ടറി, വിദ്യാർത്ഥി ഹാർമണി ക്ലബിന്റെ ചുമതലയുള്ളയാൾ, ഇവർക്ക് പുറമെ എക്സിക്യൂട്ടീവ് കമ്മറ്റി നിർദ്ദേശിക്കുന്നവർ
  - ജില്ലാതലം - എക്സിക്യൂട്ടീവ് അംഗങ്ങൾ, പഞ്ചായത്ത് തല ചെയർപേഴ്സൺസ് & കൺവീനർമാർ, നീതിവേദി പ്രവർത്തക സമിതി പ്രതിനിധികൾ, ഇവർക്ക് പുറമെ എക്സിക്യൂട്ടീവ് കമ്മറ്റി നിർദ്ദേശിക്കുന്നവർ
- എക്സിക്യൂട്ടീവ്
  - പഞ്ചായത്ത് തലം- ജനറൽ ബോഡിയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ചെയർമാൻ, വൈസ് ചെയർമാൻ, ജനറൽ കൺവീനർ, ജോയിന്റ് കൺവീനർ, 2 മുതൽ 5 വരെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ. പഞ്ചായത്തിന്റെ ഉത്തരവാദിത്വം വഹിക്കുന്ന

നീതിവേദി ഫീൽഡ് സ്റ്റാഫ് സെക്രട്ടറിയായി പ്രവർത്തിക്കേണ്ടതാണ്. ഭാരവാഹികളിൽ ഒരാൾ ഒരു വനിതയും ഒരാൾ പട്ടിക വർഗ്ഗ വിഭാഗ ത്തിൽപ്പെട്ട ആളുമായിരിക്കണം. എക്സിക്യൂ ട്ടീവ് കമ്മറ്റി അംഗങ്ങളിൽ ഒരാൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളാകുന്നത് അഭികാമ്യമായി രിക്കും.

- ജില്ലാ തലം- ജനറൽ ബോഡിയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ചെയർ പേഴ്സൺ, രണ്ട് വൈസ് ചെയർപേഴ്സൺസ് (ഒരാളെങ്കിലും വനിത), ജനറൽ കൺവീനർ, രണ്ട് കൺവീനർമാർ (ഒരാളെങ്കിലും വനിത). നീതിവേദി ഡയറക്ടർ ആയിരിക്കും ജില്ലാ പീസ് ഫോറത്തിന്റെ സെക്രട്ടറി ആയി പ്രവർത്തിക്കുക. ഭാരവാഹികളിൽ ഒരാളെങ്കിലും പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്നും ആയിരിക്കണം. ഭാരവാഹി കൾക്കുപുറമെ 10 മുതൽ 20 വരെ എക്സിക്യൂ ട്ടീവ് കമ്മറ്റി അംഗങ്ങൾ. എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളിൽ ഒരാൾ പട്ടികജാതി വിഭാഗത്തിൽ പ്പെട്ടയാളാകുന്നത് അഭികാമ്യമായിരിക്കും.

- ഏതെങ്കിലും അംഗം പഞ്ചായത്ത് / ജില്ല സമാധാന കമ്മറ്റിയുടെ നിയമാവലിക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നു എന്ന് ബോധ്യപ്പെട്ടാൽ അവർക്കെതിരെ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ഉചിത മായ നടപടി സ്വീകരിക്കാവുന്നതാണ്.

- പഞ്ചായത്ത്/ജില്ല തലത്തിലുള്ള അംഗങ്ങൾക്ക് ആവശ്യമെങ്കിൽ രാജിവെക്കാവുന്നതാണ്. രാജി സ്വീകരിക്കേണ്ടത് ജില്ലാ എക്സിക്യൂട്ടീവ് ആയിരി ക്കും.

- ഏതെങ്കിലും കാരണവശാൽ ഭാരവാഹികളുടെ സ്ഥാനത്ത് ഇടക്ക് ഒഴിവ് വന്നാൽ അതാത് എക്സി ക്യൂട്ടീവ് കമ്മറ്റിക്ക് പ്രസ്തുത ഒഴിവ് നികത്താവുന്ന താണ്.

- പഞ്ചായത്ത് തലത്തിലുള്ള സമിതികൾ മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നു എന്ന് ബോധ്യപ്പെട്ടാൽ പിരിച്ചുവിടാനും ബദൽ ക്രമീകരണങ്ങൾ ഏർപ്പെടുത്താനുമുള്ള ഉത്തരവാദിത്വം ജില്ലാ എക്സിക്യൂട്ടീവിന് ആയിരിക്കും.
- ജില്ലാ പീസ് ഫോറം മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നു എന്ന് ബോധ്യപ്പെട്ടാൽ പിരിച്ചുവിടാനും ബദൽ ക്രമീകരണങ്ങൾ ഏർപ്പെടുത്താനും നീതിവേദി ഗവേർണിംഗ് ബോഡിക്ക് അധികാരമുണ്ടായിരിക്കും.

## അംഗങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നത്

- പൊതുസ്വീകാര്യത
- രാഷ്ട്രീയ-സാമുദായിക-വ്യക്തി താൽപ്പര്യങ്ങൾക്കതീതമായി ചിന്തിക്കാനും നിലപാടുകളെടുക്കാനും പ്രവർത്തിക്കാനുമുള്ള കഴിവ്
- തർക്കപരിഹാരത്തിനും സമാധാന നിർമ്മിതിക്കും വേണ്ടി ആത്മാർത്ഥമായ താൽപ്പര്യവും സമയം ചില വഴിക്കാനുള്ള സന്നദ്ധത
- സത്യസന്ധത, നീതിബോധം
- മറ്റുള്ളവരെ ആദരവോടെ കേൾക്കാനും ക്രിയാത്മകമായി പ്രതികരിക്കാനുമുള്ള കഴിവ്

## യോഗങ്ങൾ

- ഭാരവാഹികളുടെ യോഗം ആവശ്യാനുസരണം.
- എക്സിക്യൂട്ടീവ് കമ്മറ്റി മീറ്റിംഗ് പഞ്ചായത്ത് തലത്തിൽ 2 മാസത്തിൽ ഒരിക്കലെങ്കിലും, ജില്ലാ തലത്തിൽ 3 മാസത്തിലൊരിക്കലെങ്കിലും

- ജനറൽ ബോഡി വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും
- പഞ്ചായത്ത് തല ജനറൽ ബോഡിയിലും എക്സിക്യൂട്ടീവ് കമ്മറ്റി മീറ്റിംഗുകളിലും ജില്ലാ എക്സിക്യൂട്ടീവ് കമ്മറ്റി നിശ്ചയിക്കുന്ന അംഗത്തിന്/അംഗങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്.

## സമിതിയുടെ കാലാവധി

പഞ്ചായത്ത് തലകമ്മറ്റികൾക്ക് 2 വർഷവും ജില്ലാ തല കമ്മറ്റിക്ക് 3 വർഷവുമായിരിക്കും കാലാവധി.

## ക്വാറം

ഓരോ യോഗത്തിലും പങ്കെടുക്കേണ്ട അംഗങ്ങളുടെ മൂന്നിലൊന്ന് പേരുടെയെങ്കിലും പങ്കാളിത്തം ഉണ്ടായിരിക്കണം.

## പ്രധാന റെക്കോർഡ്സ്

- ❖ മിനിട്ട്സ് ബുക്ക്
- ❖ അക്കൗണ്ട് ബുക്ക്
- ❖ തർക്ക പരിഹാര ഫയലുകൾ
- ❖ കത്തിടപാട് ഫയലുകൾ
- ❖ റിപ്പോർട്ടുകൾ
- ❖ ആവശ്യമായ മറ്റ് രേഖകൾ

## പ്രധാന പ്രവർത്തനങ്ങൾ

- ➢ ബോധവത്ക്കരണം
- ➢ പഠനവും പരിശീലനവും
- ➢ പരാതികൾ സ്വീകരിക്കൽ

- വിവരശേഖരണം
- തർക്കപരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തൽ
- കൗൺസിലിംഗ്/മീഡിയേഷൻ
- ജനസമ്പർക്ക പരിപാടികൾ/അദാലത്തുകൾ
- എഗ്രിമെന്റുകൾ തയ്യാറാക്കൽ
- കുട്ടികളുടെയും യുവജനങ്ങളുടെയും സ്ത്രീകളുടെയും ഹാർമണി ക്ലബുകൾ രൂപീകരിക്കലും ശക്തിപ്പെടുത്തലും
- വിവിധ ജാതി-മത-രാഷ്ട്രീയ വിഭാഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആഘോഷങ്ങൾ/പൊതുപരിപാടികൾ സംഘടിപ്പിക്കൽ

## പ്രവർത്തന പരിധി

- പഞ്ചായത്തുതലം - പഞ്ചായത്തുതലത്തിലെ തർക്ക വിഷയങ്ങൾ (വിവരശേഖരണം നടത്താനുള്ള ഉത്തരവാദിത്വം നീതിവേദി ഫീൽഡ് സ്റ്റാഫിന് ആയിരിക്കും)
- ജില്ലാതലം - പഞ്ചായത്ത്തലത്തിൽ പരിഹരിക്കാൻ സാധിക്കാത്തതോ രണ്ടോ അതിലധികമോ പഞ്ചായത്തുകളെ ബാധിക്കുന്നതോ സമൂഹത്തെ പൊതുവിൽ ബാധിക്കുന്നതോ ആയ തർക്കങ്ങൾ
(വിവരശേഖരണം നടത്തേണ്ടത് നീതിവേദി കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ ആയിരിക്കും)
- ഒരു തർക്കം അഥവാ പ്രശ്നം സമിതി മുമ്പാകെ വരികയോ സമിതിയുടെ ശ്രദ്ധയിൽപ്പെടുകയോ ചെയ്താൽ അതിൽ ഇടപെട്ട് പരിഹാരം കാണണമെന്ന് സമിതിയിൽ അംഗങ്ങൾക്ക് ആവശ്യപ്പെടാം. അതിനുവേണ്ടി ഉചിതമായ ഉപസമിതി രൂപീകരിക്കണം. പ്രശ്നപരിഹാരത്തിന് അനുയോജ്യരായ വ്യക്തികളെയാണ് ഉപസമിതിയിൽ ഉൾപ്പെടുത്തേണ്ടത്. ഒ്യത്യസ്ത പ്രശ്നങ്ങൾക്ക് വ്യത്യസ്ത വ്യക്തി


കൾ ഉൾപ്പെടുന്ന ഉപസമിതിയായിരിക്കും സ്വീകാര്യ മാകുക.

➢ ഉപസമിതിയുടെ നിർദ്ദേശങ്ങൾ സ്വീകരിക്കാൻ ബന്ധപ്പെട്ട കക്ഷികൾ തയ്യാറാകുന്നില്ലെങ്കിൽ വിവരം എക്സിക്യൂട്ടീവ് കമ്മറ്റിയെ അറിയിച്ച് ഉചിത മായ തുടർനടപടികൾ സ്വീകരിക്കാൻ അവശ്യപ്പെടുക. പഞ്ചായത്ത് തല കമ്മറ്റി ഓരോ നാല് മാസം കൂടു മ്പോഴും പ്രവർത്തന റിപ്പോർട്ട് ജില്ലാ കമ്മറ്റിക്ക് സമർപ്പിക്കണം.

നീതിവേദി ഗവേർണിംഗ് ബോഡിയുടെ അംഗീ കാരത്തിന് വിധേയമായി മാർഗ്ഗരേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ ജില്ലാ പീസ് ഫോറം ജനറൽ ബോഡിക്ക് അധികാരമുണ്ടായിരിക്കും.

♦○♦○♦

**2019 ഡിസംബർ മാസം 10-ാം തിയ്യതി കൽപ്പറ്റയിൽ ചേർന്ന ജില്ലാ ജനറൽ ബോഡിയോഗം അംഗീകരിച്ചത്.**




**നീതിവേദി**

**സുധിക്കവല, കാക്കവയൽ പി.ഒ., കൽപ്പറ്റ നോർത്ത്,**
**വയനാട് 673 122, ഫോൺ 04936 246788, 9496 197 378**
**Email : neethivedhi@gmail.com**
**Web: www.neethivedhi.org**